4. മെഡിക്കൽ കോളേജ്, തൃശൂർ
5. മെഡിക്കൽ കോളേജ്, കോഴിക്കോട്
6. ജനറൽ ആശുപത്രി, എറണാകുളം
7. ജില്ലാ ആശുപത്രി, കണ്ണൂർ
8. ജനറൽ ആശുപത്രി, പത്തനംതിട്ട
9. ജില്ലാ ആശുപത്രി, മഞ്ചേരി
10. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
11. താലൂക്ക് ആശുപത്രി, തൊടുപുഴ
12. ജില്ലാ ആശുപത്രി, കൊല്ലം
13. ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി
14. സഹകരണ ആശുപത്രി, കോഴിക്കോട്.

(ജി) ഉണ്ട്.

(എച്ച്) പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

23 (*173) മലിനീകരണ നിയന്ത്രണങ്ങളും വ്യവസ്ഥകളും പാലിക്കപ്പെടാത്ത വ്യവസായസ്ഥാപനങ്ങൾ

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണങ്ങളും വ്യവസ്ഥകളും പാലിക്കപ്പെടാത്ത വ്യവസായസ്ഥാപനങ്ങളുണ്ടോ;

(ബി) എങ്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും എത്ര വീതമുണ്ട്; അവ ഏതെല്ലാം;

(സി) മലിനീകരണ നിയന്ത്രണങ്ങളും വ്യവസ്ഥകളും പാലിക്കപ്പെടാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ)&(ബി) സംസ്ഥാനത്തെ എല്ലാ പ്രമുഖവ്യവസായ സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, അമ്പലമേട്ടിലെ ഫാക്ട് കൊച്ചിൻ ഡിവിഷൻ, പാലക്കാട്ടെ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് എന്നീ വൻകിട പൊതുമേഖലാസ്ഥാപനങ്ങളിലും, കോഴിക്കോട് മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ്, ചേർത്തലയിലെ മക്ഡവൽ ഡിസ്റ്റിലറി എന്നീ വൻകിട സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിലും മലിനീകരണ നിയ

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ചെറുകിട വ്യവസായങ്ങളിൽ മലിനീകരണ സംവിധാനത്തിൽ ഏറ്റവും അപര്യാപ്തതയുള്ളത് ക്രഷറുകൾക്കാണ്.

(സി) വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനും നിവാരണമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ 1974-ലെ ജലനിയമപ്രകാരവും 1981-ലെ വായു നിയമ പ്രകാരവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായശാലകൾ പുറന്തള്ളുന്ന പാഴ്ജലത്തിലേയും പാഴ് വായുവിലേയും മാലിന്യങ്ങൾക്ക് അനുവദനീയമായ പരിധിയുണ്ട്. ഈ ഗുണനിലവാരം കൈവരിക്കാത്ത അവസരങ്ങളിലും, പാഴ്ജല ശുദ്ധീകരണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത അവസരങ്ങളിലും ജലനിയമപ്രകാരവും വായു നിയമ പ്രകാരവും വ്യവസായങ്ങൾക്ക് ബോർഡ് നൽകുന്ന കൺസന്റിലെ മറ്റു വ്യവസ്ഥകൾ വ്യവസായങ്ങൾ പാലിക്കുന്നില്ല എന്നു കാണുമ്പോൾ ടി വ്യവസായങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കാൻ വിമുഖത കാണിക്കുന്ന വ്യവസായശാലകൾ അടച്ചുപൂട്ടിക്കുകയോ അവയുടെ പ്രവർത്തനം പരിമിതപ്പെടുത്തുകയോ ഇവയ്ക്കെതിരെ ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകുകയോ ചെയ്യുന്നു.

24 (*174) പ്ലാസ്റ്റിക് നിരോധനം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിക്ക് ഏറെ ഹാനികരമായ പ്ലാസ്റ്റിക് സഞ്ചികളും മറ്റ് നിത്യോപയോഗ വസ്തുക്കളും നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വസ്തുതകൾ മൂലം അനുഭവപ്പെടുന്ന പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്ലാസ്റ്റിക് കവറുകളും മറ്റ് വസ്തുക്കളും പരിസ്ഥിതിക്ക് ഹാനികരമാവാത്തവിധം റീസൈക്കിൾ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചാൽ പകരം ഉപയോഗിക്കാവുന്ന ഹാനികരമല്ലാത്ത വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ ഏതെങ്കിലും മേഖലയിൽ സമ്പൂർണ്ണപ്ലാസ്റ്റിക് നിരോധനം പരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ പരീക്ഷണം വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) പ്ലാസ്റ്റിക് നിർമ്മിതമായ സഞ്ചികളും, നിത്യോപയോഗ വസ്തുക്കളും മൊത്തത്തിൽ നിരോധിക്കുവാനല്ല അവയിൽ നിന്നുള്ള പാഴ് വസ്തുക്കൾ നിമിത്തം പരിസ്ഥിതിക്ക് ഹാനിയുണ്ടാക്കാത്ത വിധം നിയന്ത്രിക്കുവാ

LIBRARY ARCHIVES Kerala Legislative Assembly